വില്ലേജ് ഓഫീസുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

6 [1558] ശ്രീ. എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില വില്ലേജ് ആഫീസുകളിൽ ആവശ്യമായ ജീവനക്കാർ ഇല്ലാത്തതുമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ജോലിഭാരത്തിനനുസൃതമായി കൂടുതൽ ജീവനക്കാരെ വില്ലേജാഫീസുകളിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി.എസ്.സി.-യിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(സി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

റവന്യൂ അദാലത്തുകൾ ഗ്രാമപ്രദേശങ്ങളിൽക്കൂടി വ്യാപിപ്പിക്കാൻ നടപടി

7 [1559] ശ്രീ. നാലകത്ത് സൂപ്പി:
,, കെ. കെ. അബു:
,, കെ. എം. സൂപ്പി:
,, കല്ലടി മുഹമ്മദ്:
,, എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ അദാലത്തുകൾ ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

റവന്യൂ അദാലത്തുകൾ താലൂക്ക് തലത്തിലേക്കുകൂടി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly